**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3373 16/12//2015-ൽ മറുപടിയ്ക്ക്

## പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വർക്കല കഹാർ**<br>**,, എം.പി.വിൻസെന്റ്**<br>**,, വി.ഡി.സതീശൻ**<br>**,, ലൂഡി ലൂയിസ്** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) കേരളത്തിൽ ലഭ്യമാകുന്ന പച്ചക്കറികളിൽ നല്ലൊരു ശതമാനം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്നതും അമിതമായ കീടനാശിനി പ്രയോഗത്താൽ വിഷലിപ്തമായതുമായ സാഹചര്യത്തിൽ പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കാനും വിഷവിമുക്ത മായ പച്ചക്കറി ഉല്പാദിപ്പിക്കാനും ലക്ഷ്യമിട്ട് 2012-13 മുതൽ കൃഷി വകുപ്പ് പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. സുരക്ഷിത പച്ചക്കറി കേരള ജനതയ്ക്ക് ലഭ്യമാക്കുന്നതിന് പച്ചക്കറി കൃഷിയുടെ വിസ്തൃതിയും, അവയുടെ ഉല്പാദനവും വർദ്ധിപ്പിക്കുക, പച്ചക്കറിയുടെ ലഭ്യതയും ആവശ്യകതയുമായി സന്തുലനം ചെയ്ത്, വിത്തു മുതൽ വിപണി വല്ക്കരണം, മൂല്യ വർദ്ധനം വരെയുള്ള വ്യത്യസ്ത ഘടകങ്ങളെ കൂട്ടിയിണക്കി പച്ചക്കറിയിൽ സ്വയം പര്യാപ്തത നേടുക, |

| | |
|---|---|
| | പച്ചക്കറിയുടെ ഉല്പാദനം കൂട്ടി, വിഷവിമുക്തമായ പച്ചക്കറി കൃഷിയിലേക്ക് സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരെ കൊണ്ടുവരിക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യം. 2015-16 -ൽ 100953 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 18.17154 ലക്ഷം ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ട് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ 2012-13 വർഷത്തിൽ 4400 ലക്ഷം രൂപയും, 2013-14 വർഷത്തിൽ 5625 ലക്ഷം രൂപയും 2014-15 വർഷത്തിൽ 6400 ലക്ഷം രൂപയും 2015-16 വർഷത്തിൽ 6400 ലക്ഷം രൂപയും വിവിധ പദ്ധതികൾക്കായി അനുവദിക്കുകയുണ്ടായി.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (ആർ.കെ.വി.വൈ) ധനസഹായത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ഹെക്ടറിന് 15000 രൂപ സബ്സിഡി നൽകികൊണ്ട് 4357.33 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കിവരുന്നു.<br><br>പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 5.64 കോടി രൂപയുടെ പദ്ധതികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**